ഫെബ്രുവരി 5, 2014

# എഎപി ജന്മനാ നുണയന്മാരുടെ പാർട്ടി

അരുൺ ജെയ്റ്റ്ലി, പ്രതിപക്ഷ നേതാവ് (രാജ്യസഭ)

ഇന്നലെ, ആം ആദ്മി പാർട്ടിയിലെ ഒരു എംഎൽഎ എന്നെയും നരേന്ദ്രമോദിയേയും തെളിവില്ലാത്ത അടിസ്ഥാനരഹിതമായ അനാവശ്യ വിവാദത്തിലേക്ക് വലിച്ചിഴക്കുകയും ഞാൻ അത് നിഷേധിക്കുകയും ചെയ്തു. എഎപി ഉണ്ടാക്കിയെടുത്ത ആ ആരോപണം കൂടുതൽ ഉറപ്പിക്കാൻ അവർ എന്റെ വീടിനു മുന്നിൽ പ്രതിഷേധ പ്രകടനം നടത്തി. എഎപി ജന്മനായ നുണയന്മാരുടെ പാർട്ടിയാണെന്ന കാര്യം എനിക്ക് ഉറപ്പായി. അവർ ആദ്യം നുണക്കെട്ടിച്ചമക്കുന്നു. സത്യമില്ലാതെ അവർ സ്വയം അത് വിശ്വസിക്കുകയും ചെയ്യുന്നു.

മദൻലാൽ എന്ന എംഎൽഎയുടെ പ്രസ്താവനയെ വിശകലനം ചെയ്യാം.

- ഞാനോ നരേന്ദ്രമോദിയെ മദൻലാൽ എംഎൽഎയെ അറിയില്ല.
- 2013 ഡിസംബർ 7 ന് ഞാനുമായി കൂടിക്കാഴ്ചക്കുവേണ്ടി അദ്ദേഹത്തെ ഫോണിൽ ബന്ധപ്പെട്ടുവെന്നാണ് അവകാശപ്പെടുന്നത്.
- ആരാണ് ഫോൺ വിളിച്ചതെന്ന് അദ്ദേഹത്തിനറിയില്ല. ഏതു നമ്പരിൽ നിന്ന് ഫോൺ വന്നുവെന്നറിയില്ല. അങ്ങനെയൊരു ഫോൺ വന്നെങ്കിൽ അതെവിടെനിന്നെന്ന് രേഖകൾ പരിശോധിച്ചിട്ടുമില്ല.
- 2013 ഡിസംബർ 7 ന് ദൽഹി തെരഞ്ഞെടുപ്പ് ഫലം വന്നിട്ടില്ല. മദൻലാൽ എംഎൽഎ ആയിരുന്നില്ല. അദ്ദേഹം എംഎൽഎ ആകുമെന്നോ എഎപി ഇത്രയും സീറ്റ് കിട്ടുമെന്നോ ആരും പ്രതീക്ഷിച്ചിട്ടില്ല. എംഎൽഎ ആയി തെരഞ്ഞെടുക്കപ്പെടും മുമ്പ് ദുരുദ്ദേശ്യം വച്ച് അദ്ദേഹത്തെ ആരെങ്കിലും എന്തിന് വിളിക്കണം.
- 10-12 ദിവസം മുമ്പ് ഗുജറാത്തിൽ നിന്ന് ആരോ കോഴയുമായി അദ്ദേഹത്തെ സ്വാധീനിക്കാൻ സമീപിച്ചുവെന്ന് പിന്നീട് അവകാശപ്പെട്ടു.
- അതാരായിരുന്നു, എന്തു ചെയ്യുന്ന ആളായിരുന്നു തുടങ്ങിയ ഒരു കാര്യവും അദ്ദേഹത്തിനറിയില്ല.
- കോഴ സ്വീകരിക്കണമെന്നും അത് സ്റ്റിംഗ് ഓപ്പറേഷനിലൂടെ തുറന്നു കാണിക്കണമെന്നുമുള്ള അദ്ദഹത്തിന്റെ പാർട്ടിയുടെ ഉപദേശം എംഎൽഎ സ്വീകരിച്ചില്ല.
- പത്തുദിവസം ഇതേക്കുറിച്ച് മിണ്ടാതിരുന്നു.
- രസകരമായ കാര്യം, എഐസിസി ജനറൽ സെക്രട്ടറി ഷക്കീൽ അഹമ്മദ്, മദൻലാൽ ഈ സംഭവമെല്ലാം പത്രസമ്മേളനത്തിൽ ആരോപിക്കുന്നതിനു മുമ്പുതന്നെ പ്രസ്താവിച്ചുവെന്നതാണ്. അദ്ദേഹത്തിന്റെ അവകാശവാദത്തിലെ അസംബന്ധം സുവ്യക്തമാണ്. വസ്തുതകൾ സ്വയം സംസാരിക്കുന്നു. പക്ഷേ എഎപി നുണ കെട്ടിച്ചമക്കാൻ ശ്രമിക്കുന്നു; അത് സത്യമെന്ന് സ്വയം വിശ്വസിക്കുന്നു: അത് അനുബന്ധമായിട്ടും പ്രചരിപ്പിക്കുന്നു; അങ്ങനെ സ്വന്തം മുഖത്തുതന്നെ അവ ചെന്നു പതിക്കുന്നു.